"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/753/2013/സിഇ/തസ്വഭവ

തീയതി : 13.11.2017

# സർക്കുലർ

വിഷയം:- തസ്വഭവ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-നിലവിലെ റോഡിന്റെ പരിപാലനത്തിന്റേറും സംരക്ഷണത്തിന്റേയും ഭാഗമായി ടാറിംഗും, കോൺക്രീറ്റിംഗും ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:-
1. സർക്കുലർ No. DA 1 /672/17/തസ്വഭവ തീയതി 18.09.2017
2. 01.11.2017-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം.(3.6)

സൂചന (1)ലെ സർക്കുലർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡിന്റെ ടാറിംഗും, കോൺക്രീറ്റിംഗും ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശിച്ചിരുന്നു. ടി ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും, സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമായി വരുന്നതായും, ടി ഉത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികൾ ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കോ-ഓർഡിനേഷൻ കമ്മിറ്റിയെ അറിയിച്ചിരുന്നു. ടി വിഷയം, 01.11.2017-ൽ നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും, ടി യോഗ തീരുമാനപ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും, സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണ്.

ചീഫ് എഞ്ചിനീയർ